(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തെ വരൾച്ചയും കുടിവെള്ളക്ഷാമവും

*6 [273] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കേന്ദ്ര സഹായം ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) എങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് ആവശ്യപ്പെടുന്നതെന്നും ഇത് ഏതെല്ലാം ഇനങ്ങൾക്കു വേണ്ടിയാണെന്നും വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി & സി) വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ച 7 ജില്ലകൾക്ക് 25,000 ടൺ അരി "സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന പദ്ധതി" പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലേയും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി പ്രത്യേക സഹായത്തിനായി മൊത്തം 1359.03 കോടി രൂപയുടെ കേന്ദ്ര സഹായത്തിനായി ഒരു മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വിദേശ മലയാളികൾക്കായി എസ്. എസ്. എൽ. സി.-ക്ക് തുല്യമായി പ്രത്യേക പരീക്ഷാ ബോർഡ്

*7 [274] ശ്രീ. കെ. രാധാകൃഷ്ണൻ:
ഡോക്ടർ തോമസ് ഐസക്ക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്നതിന് ഓപ്പൺ സ്കൂളിനേയും അനുവദിക്കുന്നതിനുള്ള എതെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly